# മിഷേൽ ഒബാമ

## ബിക്കമിങ്

നിക്കിനിയും അറിയാത്തതായി ഒരുപാടുണ്ട്–അമേരിക്കയെപ്പറ്റി, ീവിതത്തെപ്പറ്റി, വരുംകാലം കരുതിവെച്ചിരിക്കുന്നതിനെപ്പറ്റി. പക്ഷേ, നിക്ക് എന്നെ നന്നായി അറിയാം. കഠിനമായി അധ്വാനിക്കുവാനും ടയ്ക്കിടെ ചിരിക്കുവാനും വാക്കു പാലിക്കുവാനുമാണ് എന്റെ ിതാവ് ഫ്രെയ്സർ എന്നെ പഠിപ്പിച്ചത്. സ്വതന്ത്രമായി ചിന്തിക്കേണ്ടതും ബ്ദമുയർത്തേണ്ടതും എങ്ങനെയെന്ന് എനിക്ക് കാട്ടിത്തന്നത് എന്റെ മ്മ മെരിയൻ ആണ്. ഷിക്കാഗോയുടെ തെക്കുള്ള ഇടുങ്ങിയ മുറി ിൽനിന്ന് അവരിരുവരും ചേർന്നാണ് ഞങ്ങളുടെയും എന്റെയും ഈ കാച്ചുകഥയ്ക്ക് ജീവൻ നൽകിയത്. അതിലൂടെ ഞങ്ങളുടെ ഈ ഹത്തായ രാജ്യത്തിന്റെ വലിയ കഥയും ഞാനറിഞ്ഞു. അത് അത്ര ുന്ദരമോ പൂർണ്ണമോ ആയിരിക്കില്ല. പക്ഷേ, ചിലപ്പോഴൊക്കെ നമ്മളാ ഹിക്കുന്നതിനെക്കാൾ യാഥാർത്ഥ്യമായിരിക്കാം–എങ്കിലും നമ്മുടെ കഥ മാത്രമാണ് എപ്പോഴും നമ്മുടേതായി ബാക്കിയാവുക.

മേരിക്കയിൽ കറുത്തവർഗ്ഗക്കാരിയായ സ്ത്രീയെന്ന നിലയിൽ താൻ നുഭവിച്ച വംശീയതയും ലിംഗവിവേചനവും തന്റെ ജീവിതത്തെ ൂപപ്പെടുത്തിയതും പ്രഥമവനിതയായതിനുശേഷമുള്ള സ്വത്വ തിസന്ധി തന്നെ വിഷാദത്തിനടിമയാക്കിയതും മിഷേൽ ഒബാമ *ബിക്കമിങ്ങിലൂടെ* തുറന്നുപറയുന്നു.

**വിവർത്തനം: ദർശന മനയത്ത് ശശി**

ver Photo: © Miller Mobley
വർ ഡിസൈൻ : വിശാഖ് രാജ്, ഡി സി ഡിസൈൻ സ്റ്റുഡിയോ

**ഡി സി ബുക്സ്**
www.dcbooks.com
ഓർമ്മ

ISBN 978-93-5482-677-1
9 789354 826771 00002
E-book available

₹ 799


മിഷേൽ ഒബാമ • ബിക്കമിങ്

ഡി സി ബുക്സ്

# മിഷേൽ ഒബാമ

## ബിക്കമിങ്

2-ാം പതിപ്പ്



BECOMING
MICHELLE OBAMA

## മിഷേൽ ഒബാമ

1964 ജനുവരി 17-ന് ജനിച്ച ശ്രീമതി മിഷേൽ റോബിൻസൺ ഒബാമ 2009 മുതൽ 2017 വരെ യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ പ്രഥമവനിതയായിരുന്നു. പ്രിൻസ്റ്റൺ യുണിവേഴ്സിറ്റിയിൽനിന്നും ഹാർവാഡ് യുണിവേഴ്സിറ്റിയിൽനിന്നും ബിരുദങ്ങൾ പൂർത്തിയാക്കിയശേഷം മിസിസ് ഒബാമ ഷിക്കാഗോയിലെ ലോ-ഫേം ആയ 'സിഡ്‌ലി & ഓസ്റ്റിനി'ൽ വക്കീലായി തന്റെ ഔദ്യോഗിക മേഖല ആരംഭിച്ചു. ഷിക്കാഗോ മേയറുടെ ഓഫീസിലും ഷിക്കാഗോ യുണിവേഴ്സിറ്റിയിലും ഷിക്കാഗോ യുണിവേഴ്സിറ്റി മെഡിക്കൽ സെന്ററിലും മിസിസ് ഒബാമ ജോലി ചെയ്തിരുന്നു. കൂടാതെ, പൊതുസേവനത്തിനായുള്ള ഔദ്യോഗിക രംഗങ്ങളിലേക്ക് ചെറുപ്പക്കാരെ പരിശീലിപ്പിച്ച് സജ്ജരാക്കിയിരുന്ന 'പബ്ലിക് അലൈസ്' എന്ന ഓർഗനൈസേഷന്റെ ഷിക്കാഗോ ഘടകത്തിന്റെ സ്ഥാപകയും ആയിരുന്നു. മിഷേൽ ഒബാമയും ഭർത്താവ് ബറാക് ഒബാമയും ഇപ്പോൾ വാഷിങ്ടൺ ഡി സിയിൽ താമസിക്കുന്നു. മലിയയും സാഷയും ആണ് അവരുടെ രണ്ട് പുത്രിമാർ.

## ഡോ. ദർശന മനയത്ത് ശശി

2014 മുതൽ യുണൈറ്റഡ് സ്റ്റേറ്റ്സിലെ ടെക്സസിലെ 'ദി യുണിവേഴ്സിറ്റി ഓഫ് ടെക്സസ് അറ്റ് ഓസ്റ്റിൻ'-ൽ അസിസ്റ്റന്റ് പ്രൊഫസർ ആയി സേവനമനുഷ്ഠിച്ചു വരുന്നു. ഔദ്യോഗിക വിദ്യാഭ്യാസത്തിനുശേഷം തിരുവനന്തപുരം യുണിവേഴ്സിറ്റി കോളേജിൽനിന്ന് എം.ഫില്ലും പിഎച്ച്.ഡി.യും കരസ്ഥമാക്കി. ദൂരദർശനിലും ഓൾ ഇന്ത്യ റേഡിയോയിലും ഏതാനും വർഷങ്ങൾ അനൗൺസറായും കരമന NSS കോളേജിൽ ഗസ്റ്റ് ലക്ചറർ ആയും ജോലി ചെയ്തിരുന്നു. 2014-ൽ 'പടയണി – ഒരു ഫോക്‌ലോർ പഠനം' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച ഓർമ്മപ്പുസ്തകങ്ങൾ
പരിചയപ്പെടുവാൻ ക്യു ആർ കോഡ്
സ്കാൻ ചെയ്യൂ.

മിഷേൽ ഒബാമ

# ബിക്കമിങ്

വിവർത്തനം
ദർശന മനയത്ത് ശശി

ഡി സി ബുക്സ്

MALAYALAM LANGUAGE
ORIGINAL ENGLISH TITLE
Becoming

MEMOIR
*by* Michelle Obama

MALAYALAM TITLE
Becoming
*Translated by* Dr. Darsana Manayathu Sasi

Rights Reserved
© 2018 by Michelle Obama
First Published May 2022
This edition - July 2022

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Obama, Michelle.
Becoming/Michelle Obama;
Malayalam translation/Darsana Manayathu Sasi.
672 p., 21cm.
ISBN 978-93-5482-677-1.
Malayalam translation of 'Becoming'.
1. Memoir 2. Malayalam translation. I. Title.
II Title-English. III. Darsana Manayathu Sasi
920-dc22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5482-677-1

Printed in India
at D C Press, Kottayam, INDIA.

D C BOOKS-THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

459/22-23-Sl.No. 23484-dcb 8087- (2)1000-17837-07-22-hn. 60-p st-r bm-d hm

എന്റെ രൂപപ്പെടലിന് എന്നെ സഹായിച്ച എല്ലാവർക്കും:

എന്നെ വളർത്തിയവർ–ഫ്രെയ്സർ, മെരിയൻ, ക്രെഗ്, പിന്നെ
വിശാലമായ എന്റെ കുടുംബം,

എന്നെ എപ്പോഴും ഉയർച്ചയിലേക്കുയർത്തിയ ശക്തരായ
സ്ത്രീകളടങ്ങിയ എന്റെ വലയം,

എന്റെ അഭിമാനത്തുടർച്ചയ്ക്ക് നിലനിൽക്കുന്ന എന്റെ വിശ്വസ്തരും
ആത്മാർപ്പണവുമുള്ള ഓഫീസ് ജീവനക്കാർ.

എന്റെ ജീവിതത്തിലെ പ്രിയപ്പെട്ടവർ:

എന്റെ ഏറ്റവും വിലപ്പെട്ട രണ്ടു മുത്തുകൾ—മലിയയും സാഷയും,
എന്റെ രൂപപ്പെടലിന് കാരണമായിട്ടുള്ളവർ

പിന്നെ അവസാനമായി, എനിക്കെപ്പോഴും കൗതുകകരമായ
പ്രയാണം വാഗ്ദാനം ചെയ്ത, ബറാക്.

## ആമുഖം

*മാർച്ച് 2017*

*ഞാനൊരു കുട്ടിയായിരുന്നപ്പോൾ എന്റെ ആഗ്രഹങ്ങൾ ലളിതമായിരുന്നു.* എനിക്കൊരു നായയെ വേണമായിരുന്നു, രണ്ടാമത്തെ നിലയിലേക്ക് പടിക്കെട്ടുകളുള്ള ഒരു വീടുവേണമായിരുന്നു—ഒരു കുടുംബത്തിന് രണ്ടു നിലകൾ. ചില കാരണങ്ങളാൽ, എന്റെ അച്ഛന്റെ അഭിമാനവും സന്തോഷവുമായിരുന്ന രണ്ടു ഡോറുകളുള്ള ബ്യൂയിക് കാറിന് പകരം നാലു ഡോറുകളുള്ള ഒരു വാഗൻ കാറ് എനിക്കു വേണമായിരുന്നു. ഞാൻ വളർന്നപ്പോൾ, ഒരു ശിശുരോഗവിദഗ്ദ്ധയാകാൻ പോവുകയാണെന്ന് ഞാൻ ആളുകളോട് പറയുമായിരുന്നു. എന്തുകൊണ്ട്? കാരണം, കുട്ടികളുടെ ചുറ്റുവട്ടത്തായിരിക്കുന്നത് ഞാൻ ഇഷ്ടപ്പെട്ടിരുന്നു. പിന്നെ പെട്ടെന്നുതന്നെ ഞാൻ മനസ്സിലാക്കിയിരുന്നു, ഇത് മുതിർന്നവർക്കും സന്തോഷം ജനിപ്പിക്കുന്ന ഒരു ഉത്തരമാണെന്ന്. *ഓ, ഡോക്ടർ! എത്ര നല്ല തീരുമാനം!* ആ ദിവസങ്ങളിൽ ഞാൻ മുടി പിന്നിയിട്ടും എന്റെ മൂത്തസഹോദരനെ ഭരിച്ചും കഴിഞ്ഞു. എപ്പോഴും എന്തു സംഭവിച്ചാലും സ്കൂളിലെ 'എ' ഗ്രേഡ് ഞാൻ നിലനിർത്തിയിരുന്നു. എനിക്ക് ആഗ്രഹങ്ങളുണ്ടായിരുന്നു. പക്ഷേ, എന്തിലാണ് ഞാൻ ഉന്നംവയ്ക്കേണ്ടത് എന്ന് യഥാർത്ഥത്തിൽ അറിഞ്ഞിരുന്നില്ല. ഇപ്പോൾ ഞാൻ ചിന്തിക്കുന്നു, ഒരു മുതിർന്ന വ്യക്തിക്ക് ഒരു കുട്ടിയോട് ചോദിക്കാവുന്നതിൽ എത്രമാത്രം ഉപയോഗശൂന്യമായ ചോദ്യമാണ് ഇതെന്ന്, *വളർന്നു വലുതാകുമ്പോൾ നിനക്ക് ആരായിത്തീരണം?* വളർന്നുവരുന്നു എന്നത് ഒരു നിശ്ചിതത്വം ഉള്ള വസ്തുതപോലെ. ഒരു വേളയിൽ നിങ്ങൾ എന്തെങ്കിലും ആയിത്തീരുകയും അതോടെ ആ വളർച്ചയ്ക്ക് സമാപ്തി വരികയും ചെയ്യുന്ന പോലെ.

നാളിതുവരെ എന്റെ ജീവിതത്തിൽ ഞാനൊരു വക്കീലായിരുന്നു. ഞാനൊരു ആശുപത്രിയുടെ വൈസ് പ്രസിഡന്റ് ആയിരുന്നിട്ടുണ്ട്. അർത്ഥപൂർണമായ ഔദ്യോഗിക ജീവിതം കരുപ്പിടിപ്പിക്കുന്ന യുവജനങ്ങളെ സഹായിക്കുന്ന ഒരു നോൺ-പ്രോഫിറ്റ് പദ്ധതിയുടെ ഡിറക്ടർ ആയിരുന്നിട്ടുണ്ട്. കൂടുതലും വെളുത്തവർഗക്കാരുള്ള ഒരു ആഡംബര കോളേജിൽ കറുത്തവർഗക്കാരിയായ, ഇടത്തരം കുടുംബത്തിലെ

വിദ്യാർത്ഥിയായിരുന്നിട്ടുണ്ട്. അനേക സ്ഥലങ്ങളിൽ ഒരേയൊരു കറുത്ത വർഗ്ഗക്കാരിയായ ആഫ്രിക്കൻ-അമേരിക്കൻ സ്ത്രീയായി ഞാൻ മാറിയിട്ടുണ്ട്. ഞാനൊരു വധുവായും ഉത്കണ്ഠകളുള്ള അമ്മയായും വിഷമങ്ങൾ ഉള്ള ഒരു മകളായും ജീവിച്ചിട്ടുണ്ട്. പിന്നെ ഈ അടുത്തകാലം വരെ, യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയുടെ പ്രഥമ വനിതയായിരുന്നിട്ടുണ്ട്—അത് ഒരു ഔദ്യോഗികജോലി ആയിരുന്നില്ലെങ്കിലും ആ 'ഒന്നുമല്ലായ്മ' എനിക്കു തന്നത് എന്റെ സങ്കല്പത്തിനും അതീതമായ ഒരു വേദിയായിരുന്നു. അത് എനിക്കു വെല്ലുവിളിയായിരുന്നു. അതെന്നെ വിനയാന്വിതയാക്കി. അതെന്നെ ഉന്നതിയിലേക്കുയർത്തുകയും താഴേക്ക് ചുരുക്കുകയും ചെയ്തു, ചിലസമയത്ത് എല്ലാംകൂടെ ഒന്നിച്ച്. കഴിഞ്ഞ വർഷങ്ങളിൽ എന്താണ് സംഭവിച്ചതെന്ന് ഞാൻ മനസ്സിലാക്കാൻ തുടങ്ങുന്നതേയുള്ളൂ—എന്റെ ഭർത്താവ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നതിനെക്കുറിച്ച് ആദ്യമായി സംസാരിക്കാൻ തുടങ്ങിയ 2006-ലെ ആ നിമിഷം മുതൽ മെലനിയ ട്രംപിനൊപ്പം അവരുടെ ഭർത്താവിന്റെ 'പ്രസിഡൻഷ്യൽ ഇനാഗുറേഷ'ന് അവരെ പിന്തുടർന്ന് ലിമോ കാറിലേക്ക് കയറിയ ശൈത്യത്തിലെ ആ തണുത്ത പ്രഭാതംവരെ. അതൊരു ദീർഘയാത്രയായിരുന്നു.

ഒരു പ്രഥമവനിതയായിരിക്കുമ്പോൾ, അമേരിക്ക തന്നോട് അതിന്റെ പരമകാഷ്ഠയിലുള്ള കാര്യങ്ങളാണ് കാണിച്ചുതരുന്നത്. ഞാൻ ആൾക്കാരുടെ വീടുകളിൽ ഫണ്ടുപിരിവു നടത്താൻ പോയിട്ടുണ്ട്. ആ വീടുകളാകട്ടെ ഒരു ആർട്സ് മ്യൂസിയം പോലെയാണ് കാണപ്പെട്ടത്; രത്നക്കല്ലുകൾ പതിപ്പിച്ച ബാത്ടബ്ബുകൾ സ്വന്തമായുള്ള ആളുകളുടെ വീടുകൾ. കഠിന ചുഴലിക്കാറ്റിൽ എല്ലാം നഷ്ടപ്പെട്ട് പ്രവർത്തനക്ഷമമായ ഒരു ഫ്രിഡ്ജും സ്റ്റൗവുംകൊണ്ടുമാത്രം അനുഗൃഹീതരായ കണ്ണുനീരണിഞ്ഞ കുടുംബങ്ങളെയും ഞാൻ സന്ദർശിച്ചിട്ടുണ്ട്. പൊള്ളയായതും കപട നാട്യക്കാരുമാണെന്ന് എനിക്ക് തോന്നിയ ആളുകളുമായി ഞാൻ കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. ആഴത്തിലും വിസ്മയിപ്പിക്കത്തക്കതും ശക്തിമത്തുമായ ചൈതന്യമുള്ളവരുമായും—അധ്യാപകർ, സൈനികരുടെ ജീവിതപങ്കാളികൾ, അങ്ങനെയുള്ള ഒരുപാട് ആളുകൾ—ഞാൻ കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. പിന്നെ ഞാൻ കുട്ടികളെ കണ്ടുമുട്ടിയിട്ടുണ്ട്—എന്നെ ചിരിപ്പിക്കുകയും പ്രത്യാശകൾകൊണ്ട് നിറയ്ക്കുകയും പൂന്തോട്ടത്തിലെ അഴുക്കിലൂടെ പരതുമ്പോൾ എന്റെ പദവി മറക്കാനും സാധിച്ച, ലോകം മുഴുവനുമുള്ള അവരിലൊരുപാടുപേരെ.

പൊതുജീവിതത്തിൽ മനസ്സില്ലാമനസ്സോടെ ചുവടുവച്ചതുമുതൽ, ലോകത്തിലെ ഏറ്റവും സുശക്തയായ വനിതയായി ഉയർത്തപ്പെടുകയും, 'കോപിഷ്ഠയായ കറുത്ത വനിത' എന്ന് താഴ്ത്തപ്പെടുകയും ചെയ്തിട്ടുണ്ട്. ആ ശൈലിയുടെ ഏതുഭാഗമാണ് ഏറ്റവും കൂടുതൽ



തങ്ങൾക്കു വിഷയമായിട്ടുള്ളതെന്ന് എനിക്ക് എന്റെ വിമർശകരോട് ചോദിക്കേണ്ടതുണ്ട്—അത് 'കോപിഷ്ഠ' അല്ലെങ്കിൽ 'കറുത്തവർഗക്കാരി' അല്ലെങ്കിൽ 'സ്ത്രീ' ആണോ? നാഷണൽ ടെലിവിഷനിൽ എന്റെ ഭർത്താവിനെ മോശമായ പേരുകൾ വിളിച്ചവരോടൊപ്പം, അവരുടെ ചുമരിലെ ഷെൽഫിൽ സ്മാരകമായി ഫ്രെയിം ചെയ്തു സൂക്ഷിക്കാനായിട്ടുപോലും, ഫോട്ടോയ്ക്കുവേണ്ടി ചിരിച്ചുകൊണ്ട് നിന്നിട്ടുണ്ട്. ഞാനൊരു സ്ത്രീയാണോ പുരുഷനാണോ എന്നു പരാമർശിക്കുന്നതുൾപ്പെടെ എന്നെ സംബന്ധിക്കുന്നതെല്ലാം ചോദ്യംചെയ്യുന്ന ഇന്റർനെറ്റിന്റെ വൃത്തികെട്ട വശങ്ങളെക്കുറിച്ചും ഞാൻ കേട്ടിട്ടുണ്ട്. സഭയിലുണ്ടായിരുന്ന ഒരു യു.എസ്. കോൺഗ്രസ്മാൻ[1] എന്റെ പൃഷ്ഠഭാഗത്തെക്കുറിച്ച് കളിയാക്കി സംസാരിച്ചിട്ടുണ്ട്. എന്നെ അത് വ്രണപ്പെടുത്തിയിട്ടുണ്ട്. ഞാൻ ക്രുദ്ധയായിട്ടുണ്ട്. എന്നാൽ കൂടുതലും, ആ് കാര്യങ്ങൾ ചിരിച്ചുതള്ളാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

അമേരിക്കയെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ഭാവികൊണ്ടുവരുന്നത് എന്തായിരിക്കും എന്നതിനെക്കുറിച്ചും ഒരുപാട് കാര്യങ്ങൾ എനിക്ക് ഇപ്പോഴും അറിയില്ല. എന്നാൽ ഞാൻ സ്വയം അറിയുന്നു. കഠിനമായി പ്രയത്നിക്കാനും മിക്കപ്പോഴും നന്നായി ചിരിക്കാനും വാക്കുപാലിക്കാനും എന്റെ അച്ഛൻ, ഫ്രെയ്സർ എന്നെ പഠിപ്പിച്ചിരുന്നു. എന്നെക്കുറിച്ചു ചിന്തിക്കേണ്ടത് എങ്ങനെയെന്നും എന്റെ ശബ്ദം എങ്ങനെ ഉപയോഗിക്കണമെന്നും എന്റെ അമ്മ, മെരിയൻ, എനിക്കു കാണിച്ചുതന്നിരുന്നു. ഷിക്കാഗോയുടെ സൗത്ത് സൈഡിലുള്ള ഇടുങ്ങിയ അപ്പാർട്ട്മെന്റിൽ, ഞങ്ങളുടെ കഥയുടെയും എന്റെ കഥയുടെയും ഞങ്ങളുടെ രാജ്യത്തിന്റെ ബൃഹത്തായ കഥയുടെയും മൂല്യം ദർശിക്കുന്നതിന് അവരെന്നെ സഹായിച്ചു—അത് മനോഹരമോ കുറ്റമറ്റതോ അല്ലായിരുന്നപ്പോൾപോലും; നമുക്കത് എങ്ങനെയായിത്തീരണം എന്നതിനപ്പുറം കൂടുതൽ യാഥാർഥ്യമായിരുന്നപ്പോൾപോലും. നിങ്ങൾക്കുള്ളത്, നിങ്ങൾക്ക് എപ്പോഴും ഉള്ളത്, അതാണ് നിങ്ങളുടെ കഥ. അതാണ് നിങ്ങൾ സ്വന്തമാക്കുന്നതെന്തോ ആ ഒന്ന്.

എട്ടുവർഷത്തോളം ഞാൻ വൈറ്റ് ഹൗസിൽ ജീവിച്ചു. എനിക്ക് എണ്ണാൻ പറ്റുന്നതിനെക്കാൾ കൂടുതൽ പടികളുള്ള സ്ഥലം—കൂടെ എലവേറ്ററുകൾ, ബൗളിങ്ങിനുള്ള ഒരു സ്ഥലം, പിന്നെ കെട്ടിടത്തിൽത്തന്നെ ഒരു പൂക്കടയും. ഇറ്റാലിയൻ ലിനനുകൾകൊണ്ടു തീർത്ത കട്ടിലിൽ ഞാനുറങ്ങി. ലോകോത്തരനിലവാരം പുലർത്തുന്ന പാചകക്കാ

1 യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ ഫെഡറൽ സർക്കാരിന്റെ നിയമനിർമ്മാണ സഭയാണ് U.S. Congress. ഇതിലെ പുരുഷാംഗത്തെ Congress Man എന്നും സ്ത്രീയംഗത്തെ Congress Woman എന്നും വിളിക്കുന്നു.

രുടെ ഒരു സംഘം പാചകം ചെയ്തതായിരുന്നു ഞങ്ങളുടെ ഭക്ഷണം. ഏതൊരു ഫൈവ് സ്റ്റാർ റസ്റ്ററന്റിലെയോ ഹോട്ടലിലെയോ പ്രൊഫഷണലുകളെക്കാൾ ഏറ്റവും മുന്തിയ പരിശീലനം ലഭിച്ചവരായിരുന്നു ഭക്ഷണം ഞങ്ങൾക്ക് എത്തിച്ചിരുന്നത്. ഞങ്ങളുടെ കുടുംബത്തിന്റെ സ്വകാര്യ ജീവിതത്തിന് പുറത്തുനിൽക്കാൻ ഏറ്റവും നന്നായി ശ്രമിച്ചുകൊണ്ട്, ഇയർഫോണും തോക്കും ബോധപൂർവമായ നിർവികാരതയോടും കൂടിയ രഹസ്യാന്വേഷണ ഏജന്റുമാർ ഞങ്ങളുടെ വാതിലുകൾക്കുമുന്നിൽ നിലയുറപ്പിച്ചിരുന്നു. ഞങ്ങളുടെ വീട്ടിലെ ആ ഒരുതരം വല്ലാത്ത ആഡംബരവും മറ്റുള്ളവരുടെ സ്ഥിരമായ നിശ്ശബ്ദമായ സാമീപ്യവും ആയി പതുക്കെപ്പതുക്കെ ഞങ്ങൾ പൊരുത്തപ്പെട്ടു.

വൈറ്റ് ഹൗസിലെ ഇടനാഴികളിലാണ് ഞങ്ങളുടെ രണ്ടുപെൺകുട്ടികളും പന്തുകളിച്ചിരുന്നത്; തെക്കുവശത്തെ പുൽത്തകിടിയിലാണ് മരത്തിൽ കയറിയിരുന്നത്. 'ട്രീറ്റി റൂമി'ൽ തന്റെ പ്രസംഗത്തിന്റെ ചുരുക്കവും രൂപരേഖയും ചിന്തിച്ചുകൊണ്ട് ബറാക് രാത്രി ഏറെ വൈകിവരെ ഇരിക്കുന്ന, സ്ഥലവും ഞങ്ങളുടെ നായകളിൽ സണ്ണി എന്നു വിളിപ്പേരുള്ളവൻ ചവിട്ടുപായയിൽ ചിലസമയം മലവിസർജനം നടത്തുകയും ചെയ്യുന്ന സ്ഥലവും ആയിരുന്നു അത്. അകത്തുനടക്കുന്നതെന്തായിരിക്കുമെന്ന് ഊഹിക്കാൻ ശ്രമിച്ചുകൊണ്ട് ഇരുമ്പുവേലിക്കിടയിലൂടെ നോക്കി സെൽഫിയെടുക്കാൻ പോസുചെയ്യുന്ന ടൂറിസ്റ്റുകളെ ശ്രദ്ധിച്ച് 'ട്രൂമെൻ ബാൽക്കണി'യിൽ നില്ക്കാൻ എനിക്ക് കഴിഞ്ഞിരുന്നു. സെക്യൂരിറ്റി കാരണങ്ങൾകൊണ്ട് ഞങ്ങളുടെ ജനാലകൾ അടച്ചുതന്നെയിടണമെന്ന പരമാർത്ഥത്തിൽ ദിവസങ്ങളോളം എനിക്ക് വിമ്മിഷ്ടം തോന്നിയിരുന്നു. അതുകൊണ്ട് ഒരു ശല്യവുമില്ലാതെ കുറച്ചു ശുദ്ധവായു ലഭിക്കുന്നതിന് എനിക്കു കഴിഞ്ഞില്ല. എന്നെ ആശ്ചര്യചകിതയാക്കിയ മറ്റ് സമയങ്ങളും അവിടെയുണ്ടായിരുന്നു—പുറത്ത് വെള്ള മഗ്നോലിയ വൃക്ഷങ്ങൾ പൂക്കുമ്പോൾ, സർക്കാർ വ്യവഹാരങ്ങളുടെ എല്ലാ ദിവസത്തെയും കോലാഹലങ്ങൾ, സൈന്യത്തിന്റെ പ്രതാപകരമായ പരേഡ്, എന്നിങ്ങനെ. അവിടെ ഞാൻ രാഷ്ട്രീയത്തെ വെറുത്തിരുന്ന ദിവസങ്ങളും ആഴ്ചകളും മാസങ്ങളും ഉണ്ടായിരുന്നു. വാക്കുകളിൽ ഒതുക്കാനാകാത്തവിധം എന്നെ അത്രമാത്രം കീഴടക്കിയ ഈ രാജ്യത്തിന്റെയും ഇവിടുത്തെ ജനങ്ങളുടെയും മനോഹാരിതയുടെ നിമിഷങ്ങളും അവിടെയുണ്ടായിരുന്നു.

പിന്നെ, എല്ലാം സമാപിച്ചു. ആ സമയം എത്തുന്നു എന്ന് നിങ്ങൾ കാണുമ്പോൾപോലും, വികാരനിർഭരമായ 'ഗുഡ് ബൈ' കൾകൊണ്ടു നിറഞ്ഞ നിങ്ങളുടെ അവസാന ആഴ്ചകളാണെങ്കിൽപോലും, ആ അവസാന ദിവസത്തിന് എന്നിട്ടും ഒരു അവ്യക്തതയാണ്. ബൈബിളിനുമേൽ ഒരു കൈ നീങ്ങുന്നു, സത്യപ്രതിജ്ഞ ആവർത്തിക്കുന്നു. മറ്റൊരു



പ്രസിഡന്റ് പ്രവേശിക്കുമ്പോൾ ഒരു പ്രസിഡന്റിന്റെ വീട്ടുസാധനങ്ങൾ പുറത്തേക്ക് വഹിക്കുന്നു. ചുവരലമാരകൾ ഒഴിയുകയും കുറച്ചുമണിക്കൂറുകളുടെ സമയപരിധിക്കുള്ളിൽ അവ നിറയ്ക്കപ്പെടുകയും ചെയ്യുന്നു. അതുപോലെതന്നെ, പുതിയ തലയിണകളിൽ പുതിയ തലകൾ—പുതിയ പ്രകൃതങ്ങൾ, പുതിയ സ്വപ്നങ്ങൾ. പിന്നെ അതവസാനിക്കുമ്പോൾ, ലോകത്തിലെ ഏറ്റവും പ്രശസ്തമായ മേൽവിലാസത്തിൽനിന്ന് ആ അവസാന സമയത്ത് നിങ്ങൾ കവാടത്തിനുപുറത്തേക്കു നടക്കുമ്പോൾ, നിങ്ങളെത്തന്നെ വീണ്ടും കണ്ടെത്തേണ്ടതിനായി പല വീഥികളിലേക്ക് നിങ്ങൾ ഇറങ്ങുകയാണ്.

അങ്ങനെ ഞാൻ തുടങ്ങട്ടെ, സംഭവിച്ചിട്ട് അധികകാലമായിട്ടില്ലാത്ത ഒരു ചെറിയ സംഗതിയുമായി. എന്റെ കുടുംബം ഈയടുത്ത് താമസം മാറിയ ചെങ്കൽകട്ടകൾകൊണ്ടുള്ള വീട്ടിലായിരുന്നു ഞാൻ. ഞങ്ങളുടെ പഴയ വീട്ടിൽനിന്ന്, ഏകദേശം രണ്ടു മൈൽ ദൂരത്താണ്—അടുത്തുള്ള സ്ട്രീറ്റിൽ—ഞങ്ങളുടെ പുതിയ വീടിരിക്കുന്നത്. ഞങ്ങൾ ഇപ്പോഴും എല്ലാം ക്രമപ്പെടുത്തുന്നതേയുള്ളൂ. ഫാമിലി റൂമിൽ, ഞങ്ങളുടെ ഗൃഹോപകരണങ്ങൾ വൈറ്റ് ഹൗസിലേതുപോലെതന്നെ സജ്ജീകരിച്ചു. യാഥാർഥ്യങ്ങളായിരുന്നു എന്ന് ഞങ്ങളെ ഓർമ്മപ്പെടുത്തുന്ന മെമെന്റോകൾ ഞങ്ങളുടെ വീടിനുള്ളിൽ നിറയെ ഉണ്ടായിരുന്നു—'ക്യാമ്പ് ഡേവിഡി'ൽ ചെലവഴിച്ച സമയത്തെ ഞങ്ങളുടെ കുടുംബചിത്രം, 'നേറ്റീവ് അമേരിക്കൻ' വിദ്യാർത്ഥികൾ കൈകൊണ്ടുണ്ടാക്കി എനിക്കു നൽകിയ പാത്രങ്ങൾ, നെൽസൺ മണ്ടേലയുടെ ഒപ്പുപതിഞ്ഞ ഒരു പുസ്തകം. അവിടെ ആരും ഉണ്ടായിരുന്നില്ല എന്നതാണ് ഈ രാത്രിയെക്കുറിച്ച് വിചിത്രമായ ഒരു കാര്യം. സാഷ കൂട്ടുകാർക്കൊപ്പം പുറത്തായിരുന്നു. കോളേജിൽ പോകുന്നതിനുമുമ്പുള്ള ഒരുവർഷത്തെ വിടവു പൂർത്തിയാക്കാനായി ന്യൂയോർക്കിൽ താമസിച്ച് ജോലിചെയ്യുകയാണ് മലിയ. ഞാനും ഞങ്ങളുടെ രണ്ടു നായകളും മാത്രമായിരുന്നു അപ്പോഴവിടെ. എട്ട് വർഷത്തോളം ഞാനറിഞ്ഞിട്ടില്ലാത്ത നിശ്ശബ്ദതയുള്ള ആ ഒഴിഞ്ഞ വീട്ടിൽ.

എനിക്കു വിശക്കുന്നുണ്ടായിരുന്നു. എന്റെ കാല്പാദങ്ങളെ പിന്തുടരുന്ന രണ്ടു നായകളെയുംകൊണ്ട് ഞങ്ങളുടെ കിടപ്പുമുറിയിൽനിന്ന് ഞാൻ താഴേക്കു നടന്നു. അടുക്കളയിൽ, ഫ്രിഡ്ജ് തുറന്ന് ബ്രെഡ് കണ്ടുപിടിച്ചു. രണ്ടു കഷണം എടുത്തു. ടോസ്റ്റർ ഓവനിലേക്കു വച്ചു. ക്യാബിൻ തുറന്ന് ഒരു പ്ലേറ്റ് എടുത്തു. ഇങ്ങനെ പറയുന്നത് ഒരു വല്ലാത്ത കാര്യമാണെന്ന് എനിക്കറിയാം. എന്നാൽ 'ഞാൻ എടുത്തുതരാം' എന്ന് ആരെങ്കിലും എന്നെ ആദ്യമേ തടയാതെ അടുക്കളയിലെ ഷെൽഫിൽനിന്ന് ഒരു പ്ലേറ്റ് എടുക്കുന്നതും ടോസ്റ്ററിലിരിക്കുന്ന ബ്രെഡ് ബ്രൗൺനിറത്തിലാകുന്നത് സ്വയം ശ്രദ്ധിച്ചു നിൽക്കുന്നതും ഞാൻ കടന്നുവന്നിട്ടുള്ള എന്റെ പഴയജീവിതത്തിലേക്ക് തിരിച്ചുപോകുന്നതിനോടടുത്ത

ഒരു തോന്നലായിരുന്നു. അല്ലെങ്കിൽ ഒരുപക്ഷേ, ഞാൻ പ്രഖ്യാപിക്കാൻ തുടങ്ങുന്ന എന്റെ പുതിയ ജീവിതമാകുന്നു ഇത്.

അവസാനം, ഞാൻ വെറുമൊരു ടോസ്റ്റ് ഉണ്ടാക്കിയില്ല; ഞാനൊരു ചീസ് ടോസ്റ്റ് ഉണ്ടാക്കി. ബ്രെഡ്ഡിന്റെ കഷണങ്ങൾ മൈക്രോവേവിലേക്ക് മാറ്റിയിട്ട് അവയ്ക്കിടയിൽ ഒരു തടിച്ച ചെഡർ ചീസ് ഉരുക്കിയെടുത്തു. ഞാൻ പ്ലേറ്റുമെടുത്ത് പുറത്തു പിൻമുറ്റത്തേക്കുപോയി. ഞാനങ്ങോട്ടു പോവുകയാണെന്ന് എനിക്കാരോടും പറയേണ്ടതില്ല. ഞാനങ്ങു പോയി. ഞാൻ നഗ്നപാദയായിരുന്നു. ഒരു ഷോർട്‌സ് ധരിച്ചിരുന്നു. അവിടെ തണുത്ത കാറ്റ് ഉയർന്നുവന്നു. പിന്നിലെ മതിലിനരികിലൂടെയുള്ള ക്രോക്കസ് ചെടികളുടെ മെത്ത തളിരിടാൻ തുടങ്ങിയിരിക്കുന്നു. വസന്തത്തിന്റെ മണമായിരുന്നു വായുവിന്. ഞങ്ങളുടെ വരാന്തയിലെ ഒരു പടിയിൽ ഞാനിരുന്നു. എന്റെ പാദങ്ങൾക്കടിയിൽ അപ്പോഴും പതിച്ചിരുന്ന സൂര്യപ്രകാശത്തിന്റെ ചൂട് എനിക്കനുഭവപ്പെട്ടു. കുറച്ചു ദൂരെയെവിടെയോ ഒരു നായ കുരയ്ക്കാൻ തുടങ്ങി. പിന്നെ എന്റെ നായകൾ അതു ശ്രദ്ധിക്കാനായി ഒന്നു നിന്നു, ഒരു നിമിഷം ആശയക്കുഴപ്പത്തിലായതുപോലെ. എനിക്കു തോന്നിയത് അവർക്കതൊരു അസ്വസ്ഥകരമായ ശബ്ദമായിരുന്നു എന്നാണ്. വൈറ്റ് ഹൗസിൽ ഞങ്ങൾക്ക് അയൽക്കാരില്ലായിരുന്നു, അതുകൊണ്ടുതന്നെ അയല്പക്കത്തെ നായകളും. അവർക്കിതെല്ലാം പുതുമയായിരുന്നു. മുറ്റത്തിന്റെ പരിധിക്കുള്ളിൽ നായകളെ ഓടിച്ചാടാൻ വിട്ടിട്ട്, ഏറ്റവും മനോഹരമായ രീതിയിൽ ആ ഏകാന്തത അനുഭവിച്ചുകൊണ്ട് സന്ധ്യയ്ക്ക് ഞാനെന്റെ ടോസ്റ്റ് കഴിച്ചു. നൂറുവാരയിലും കുറഞ്ഞ ദൂരത്തിൽ ഗരാജിനുള്ളിൽ ആവശ്യാനുസൃതമായി നിർമ്മിച്ച കമാന്റ് പോസ്റ്റിൽ തോക്കുകളേന്തിയിരിക്കുന്ന ഒരുകൂട്ടം സുരക്ഷാഉദ്യോഗസ്ഥരുണ്ടെന്നോ അല്ലെങ്കിൽ ഒരു സുരക്ഷാരേഖകളുമില്ലാതെ അപ്പോഴും ഒരു സ്ട്രീറ്റ് താഴേക്ക് നടക്കാൻ കഴിയില്ല എന്ന വസ്തുതയിലോ ആയിരുന്നില്ല എന്റെ മനസ്സ്. പുതിയ പ്രസിഡന്റിനെക്കുറിച്ചോ പഴയ പ്രസിഡന്റിനെക്കുറിച്ചോ ഞാൻ ചിന്തിച്ചില്ല.

പകരം, എങ്ങനെ കുറച്ചു മിനിട്ടുക്ൾക്കുള്ളിൽ വീടിനകത്തേക്ക് കയറിപ്പോകും എന്നതിനെക്കുറിച്ചും എന്റെ പ്ലേറ്റ് സിങ്കിൽ കഴുകുന്നതിനെക്കുറിച്ചും പിന്നെ കിടക്കാൻ തയ്യാറാകുന്നതിനെക്കുറിച്ചും ഒരുപക്ഷേ, സുന്ദരമായിരിക്കുന്ന വസന്തകാലത്തിന്റെ കാറ്റ് ആസ്വദിക്കുന്നതിനായി ജനലുകൾ തുറക്കുന്നതിനെക്കുറിച്ചും ആയിരുന്നു ഞാൻ ചിന്തിച്ചത്. സ്വയം പ്രതിഫലിക്കാനായി ആദ്യമായി ഒരു യഥാർഥ അവസരത്തിലേക്ക് എന്നെ നയിക്കുകയായിരുന്നോ ആ നിശ്ചലത എന്നും ആയിരുന്നു ഞാൻ ചിന്തിച്ചത്. ഒരു പ്രഥമ വനിതയായിരിക്കേ തിരക്കുപിടിച്ച ഒരു ആഴ്ചയുടെ അവസാനം എത്തുകയും, പിന്നെ ആ ആഴ്ച എങ്ങനെ തുടങ്ങി എന്നുള്ളത് ആരെങ്കിലും ഓർമ്മപ്പെടുത്തുകയും വേണം. പക്ഷേ, ഇപ്പോൾ



സമയം വളരെ വ്യത്യസ്തമായി അനുഭവപ്പെടുന്നു. ബ്ലാൻകി എന്നു പേരുള്ള ഒരു കമ്പിളിക്കുപ്പായത്തിൽ ചെറുപാവകൾ നിറഞ്ഞ പോക്കറ്റുമായും ടൈഗർ എന്നുപേരുള്ള ഒരു ടൈഗർ ബൊമ്മയുമായും വൈറ്റ് ഹൗസിൽ എത്തിയ എന്റെ പെൺകുട്ടികൾ, ഇപ്പോൾ കൗമാരക്കാരാണ്; സ്വന്തം പദ്ധതികളും ശബ്ദവും ഉള്ള യുവസ്ത്രീകൾ. വൈറ്റ് ഹൗസിലേതിനുശേഷം തിരക്കുകളിലമർന്ന് ജീവിതത്തിൽ സ്വന്തം ക്രമീകരണങ്ങൾ ഉണ്ടാക്കുകയാണ് എന്റെ ഭർത്താവ്. പിന്നെ, ഈ പുതിയ സ്ഥലത്ത്, എനിക്കു പറയാൻ ഒരുപാടുകാര്യങ്ങളുമായി ഇവിടെ ഞാനും.

## ഉള്ളടക്കം

ഞാനായിത്തീരൽ ....................17
ഞങ്ങളായിത്തീരൽ .................... 171
കൂടുതലായിത്തീരൽ....................431

*ഉപസംഹാരം* .................... 639
*കൃതജ്ഞത* .................... 646
*പരിഭാഷകക്കുറിപ്പ്* .................... 651
ചിത്രങ്ങളുടെ കടപ്പാട്....................653